മൺസൂൺവൃഷ്ടിക്ക് മുൻപായാണ് പൊതുവേ ഉഷ്ണക്കാറ്റ് വീശാറുള്ളത്. ഇപ്പോൾ തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റ് മിക്ക സംസ്ഥാനങ്ങളിലും വ്യാപിച്ചു കഴിയുകയും വടക്ക് കിഴക്കൻ ദിശയിൽ മുന്നേറിക്കൊണ്ടിരിക്കുകയുമാണ്. മൺസൂൺ കാലത്ത് ഉഷ്ണക്കാറ്റ് വീശാറില്ല. ഈ വിഷയം ഇന്ത്യാ മീറ്റിറോളജിക്കൽ ഡിപ്പാർട്ട്മെന്റ് തുടർച്ചയായി നിരീക്ഷണ വിധേയമാക്കുകയും ഉഷ്ണക്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ് ഏകദേശം അഞ്ച് ദിവസം മുൻകൂറായി വെബ്സൈറ്റിലൂടെയും പ്രിന്റ്/ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

ഫ്ളഡ് ലൈറ്റ് സംവിധാനം

250 (1955) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ സ്ഥിരം ഫ്ലഡ് ലൈറ്റ് സംവിധാനം സ്ഥാപിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് വിശദമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ലഭിച്ച തീയതിയും സ്വീകരിച്ച നടപടിയും വിശദമാക്കാമോ ;

(സി) പ്രസ്തുത സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സ്ഥാപിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ-സി) മഞ്ചേരിയിലെ പയ്യനാട്ടുള്ള ജില്ലാ സ്പോർട്ട്സ് കോംപ്ലക്സ് ആന്റ് ഫുട്ബോൾ സ്റ്റേഡിയത്തിൽ ഒരു ഫ്ളഡ് ലൈറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ M/s KITCO മുഖേന തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ 29-5-2015-ന് കായിക വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി കായിക യുവജനകാര്യ വകുപ്പ് ഡയറക്ടർ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി എന്നിവർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്.

നാഷണൽ ഗെയിംസ്

251 (1956) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-ൽ നടന്ന നാഷണൽ ഗെയിംസിന്റെ കേരള ആഡിറ്റ് വകുപ്പ് നടത്തിയ ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ഒരു പകർപ്പ് നൽകാമോ ;

(ബി) പ്രധാനമായും എന്തെല്ലാം നിരീക്ഷണങ്ങളാണ് പ്രസ്തുത റിപ്പോർട്ടിലുള്ളത് ; വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly